


SECRETARY
A.K.P.C.T.A Branch
N.S.S COLLEGE
NILAMEL, KOLLAM

# KERALA PRIVATE COLLEGE TEACHER

1994 JUNE



എ. കെ. പി. സി. ടി. എ. പ്രസിഡന്റ് പ്രൊഫ. വി. നാരായണൻകുട്ടിക്ക് വിവിധ സർവ്വീസ് സംഘടനകൾ കോഴിക്കോട്ടു വച്ച് യാത്ര അയപ്പു നൽകുന്നു

# പ്രൊഫ. വി. നാരായണൻകുട്ടിക്കും പ്രൊഫ. ജി. മാധവൻനായർക്കും സ്നേഹനിർഭരമായ യാത്രഅയപ്പ്

എൻ. എസ്. എസ്. കോളേജ് ടീച്ചേഴ്സ് കോ-ഓർഡിനേഷൻ കൗൺസിൽ നൽകിയ യാത്ര അയപ്പിൽ എ. കെ. പി. സി. ടി. എ. മുൻ ജനറൽ സെക്രട്ടറി പ്രൊഫ. ജി. മാധവൻനായർ മറുപടി പറയുന്നു



Kerala Private College Teacher

June 1994

No. 119



പത്രാധിപസമിതി

എഡിറ്റർ

വി. എൻ. മുരളി

മാനേജിംഗ് എഡിറ്റർ

എ. പ്രതാപചന്ദ്രൻനായർ

അംഗങ്ങൾ

എൽ. ജി. വർഗീസ്

കെ. സദാശിവൻ നായർ

പി.ജി. ചന്ദ്രശേഖരൻനായർ

സി. ജെ. ശിവശങ്കരൻ

ജെ. ചന്ദ്ര

ടി. എൻ. മനോഹരൻ

വി. രാജേന്ദ്രൻ നായർ

ജോണി. കെ. ജോൺ

കെ. സി. കുട്ടപ്പൻ നായർ


# ശമ്പളം വെട്ടുന്നതിനെതിരേ പ്രക്ഷോഭം

എന്തെങ്കിലുമൊക്കെ തൊടുന്യായങ്ങൾ പറഞ്ഞ് അധ്യാപകരുടെ ശമ്പളം വെട്ടുന്നത് ഒരു സ്ഥിരം ഏർപ്പാടാക്കിയിരിക്കുകയാണ് കോളേജ് വിദ്യാഭ്യാസ ഡയറക്ടറും അദ്ദേഹത്തിന്റെ കിങ്കരൻമാരും. ഇരുപതും ഇരുപത്തഞ്ചും വർഷംവരെ സർവ്വീസുള്ള അദ്ധ്യാപകരുടെ ശമ്പളമാണ് കഴിഞ്ഞ രണ്ടുവർഷമായി ഇങ്ങനെ തടഞ്ഞിരിക്കുന്നത്. 'പ്രയർ കൺകറൻസ്', 'വർക്ക് ലോഡ്' എന്നിങ്ങനെ ചില വാക്കുകൾ ഉരുവിട്ടാണ് ഇവരുടെ വെട്ടൽ. വർഷങ്ങളായി ജോലിനോക്കിവരുന്ന അധ്യാപകർ മറുപടി പറയേണ്ടതല്ല ഇതൊന്നും. മാനേജ്മെന്റുകളോടും യൂണിവേഴ്സിറ്റികളോടും ചോദിച്ചറിയേണ്ട കാര്യങ്ങൾക്ക് അധ്യാപകർ പിഴമൂളണമെന്നു പറയുന്നത് കടന്നകൈയാണ്.

യൂണിവേഴ്സിറ്റി ഓർഡിനൻസുകളിൽ മാറ്റംവരുത്തിയാൽ മാത്രമേ 'വർക്ക് ലോഡ്' സംബന്ധിച്ചുള്ള നിയമമാറ്റം പ്രാബല്യത്തിൽ വരികയുള്ളൂ. വർക്ക്ലോഡിന്റെ കാര്യത്തിൽ സർക്കാർ ഇതിനകം രണ്ട് ഉത്തരവുകൾ പുറത്തിറക്കുകയുണ്ടായി. ആദ്യ ഉത്തരവിൽപ്പറഞ്ഞത് അധ്യാപകൻ ആഴ്ചയിൽ പതിനഞ്ചു മണിക്കൂർ പഠിപ്പിക്കണമെന്നും അത്രയും മണിക്കൂറുകൾവച്ച് ഓരോ വിഷയത്തിലും വിഭജിച്ചശേഷം അധികം ഏഴുമണിക്കൂറെങ്കിലും ഉണ്ടെങ്കിലേ പുതിയ നിയമനം പാടുള്ളൂ എന്നുമാണ്. അപ്രായോഗികമായ ആ ഉത്തരവിനെതിരേ സംഘടന പ്രതികരിച്ചപ്പോഴാണ് അധികം ഒരുമണിക്കൂറായാലും പുതിയ നിയമനമാകാമെന്ന നിർദ്ദേശം ഗവൺമെന്റ് ഭാഗത്തുനിന്നുണ്ടായത്. എന്നാൽ ഇത് നടപ്പിലാക്കാൻ സർവ്വകലാശാലാ ഓർഡിനൻസിൽ മാറ്റം വരുത്തണം.. അത് ഇതുവരെ ഉണ്ടായില്ല. കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ മാത്രം ഇതിനുള്ള നീക്കം നടന്നു. അവിടെയും അവസാനരൂപം ആയിട്ടില്ല. ഓർഡിനൻസിൽ മാറ്റംവരുത്തേണ്ടത് അധ്യാപകരാണോ? 'വെട്ടൽമാനിയ' ബാധിച്ച ഉദ്യോഗസ്ഥൻമാർ മറുപടി പറയണം.

മറ്റൊന്ന് സ്ഥലംമാറ്റത്തിനും നിയമനത്തിനും മാനേജ്മെന്റ് മുൻകൂട്ടി അനുമതിവാങ്ങിച്ചിരിക്കണമെന്നതാണ്. ഇതിന്റെ പേരിലും അനേകം അധ്യാപകരുടെ ശമ്പളം തടഞ്ഞിരിക്കുന്നു. മാനേജ്മെന്റും ഗവൺമെന്റും തമ്മിൽ നടത്തേണ്ട ഈ ഏർപ്പാടിലും ബലിയാടാകേണ്ടിവന്നിരിക്കുന്നത് അധ്യാപകരാണ്. ഇതും ഒരുതരം ഒത്തുകളിയാണ്.

എ കെ പി സി ടി എ പലതവണ ഇക്കാര്യത്തിൽ നിവേദനംനൽകി. വിദ്യാഭ്യാസമന്ത്രി, ഉന്നത വിദ്യാഭ്യാസസെക്രട്ടറി, ഡി. സി. ഇ. എന്നിവരോടെല്ലാം സംസാരിച്ചു. പക്ഷെ ഇതുവരെ പരിഹാരമായില്ല. ഇനിയും കാത്തിരിപ്പില്ല. പ്രത്യക്ഷസമരത്തിലേക്ക് നീങ്ങാനാണ് പ്രവർത്തകസമിതി തീരുമാനം. കോളേജ് വിദ്യാഭ്യാസഡയറക്ടറെപ്പോലെ ധിക്കാരം കാണിക്കുന്ന ഉദ്യോഗസ്ഥൻമാരെ നിലയ്ക്കു നിർത്താൻ ഈ സർക്കാരിനാവില്ല. യു ജി സി ശമ്പളപരിഷ്കാരത്തിൻെറ പേരിലാണല്ലോ ഇവരുടെ കുതിരകയററം. അധ്യാപകർ സമരം ചെയ്ത് നേടിയതാണ് യു. ജി. സി. ശമ്പള പരിഷ്കാരം. അല്ലാതെ ആരും കനിഞ്ഞുതന്നതല്ല. ഈ ശമ്പളപരിഷ്കാരം കേരളത്തിൽ എങ്ങനെ നടപ്പിലാക്കാതിരിക്കാമെന്ന് നീണ്ട പതിനാറു വർഷം പയററിനോക്കിയവരാണിവർ. അധ്യാപകരുടെ സംഘടനാശക്തി അത് പിടിച്ചുവാങ്ങി. ഇനിയിപ്പോഴം എത്രമാത്രംഇടക്കിയിടാമെന്നാണ് ഇവരുടെ ആലോചന. അത് നടക്കാൻ പോകുന്നില്ല. പണിമുടക്കുംപ്പെടെയുള്ള പ്രക്ഷോഭത്തിലൂടെ ഈ അനീതിയെ നേരിടാൻതന്നെയാണ് എ കെ പി സി ടി എ തീരുമാനം.

# എ കെ പി സി ടി എ ഭാരവാഹികൾ 1994-'95

**പ്രസിഡൻറ്:**
പ്രൊഫ. എൽ. ജി. വർഗീസ്
എസ്. എൻ. കോളേജ്
ചെമ്പഴന്തി

**വൈസ് പ്രസിഡൻറ്:**
പ്രൊഫ. പി. ജി. ചന്ദ്രശേഖരൻ നായർ
ഡി. ബി. പമ്പ കോളേജ്
പരുമല

**ജനറൽ സെക്രട്ടറി:**
പ്രൊഫ. കെ. സദാശിവൻ നായർ
എൻ. എസ്. എസ്. കോളേജ്
വാഴൂർ

**സെക്രട്ടറിമാർ:**
പ്രൊഫ. പി. വി. ചന്ദ്രമോഹനൻ
മലബാർ ക്രിസ്ത്യൻ കോളേജ്
കോഴിക്കോട്

പ്രൊഫ. പി. ജെ. ഫിലിപ്പ്
സെൻറ് തോമസ് കോളേജ്
കോഴഞ്ചേരി

പ്രൊഫ. ആർ. മോഹൻകുമാർ
എസ്. എൻ. കോളേജ്
വർക്കല

**ട്രഷറർ**
പ്രൊഫ. സി. ജെ. ശിവശങ്കരൻ
ക്രൈസ്ററ് കോളേജ്
ഇരിങ്ങാലക്കുട

## ജില്ലാ ഭാരവാഹികൾ

*തിരുവനന്തപുരം*

പ്രസിഡൻറ്
പ്രൊഫ. എസ്. ശിവൻ
എസ്. എൻ. കോളേജ്, വർക്കല

സെക്രട്ടറി
പ്രൊഫ. ആർ. മോഹനകൈമൾ
എൻ. എസ്. കോളേജ്
ധനുവച്ചപുരം

*കൊല്ലം*

പ്രസിഡൻറ്
പ്രൊഫ. സി. കെ. ഗോപി
ഡി. ബി. കോളേജ്
ശാസ്താംകോട്ട

സെക്രട്ടറി
പ്രൊഫ. പി. ഹരിദാസൻ
എസ്. എൻ. കോളേജ്
കൊല്ലം

*ആലപ്പുഴ*

പ്രസിഡൻറ്
പ്രൊഫ. ജോൺ എം. ഇട്ടി
ബിഷപ്പ് മൂർ കോളേജ്
മാവേലിക്കര

സെക്രട്ടറി
പ്രൊഫ. പി. രവീന്ദ്രനാഥൻ നായർ
എസ്. ഡി. കോളേജ്
ആലപ്പുഴ

പത്തനംതിട്ട
പ്രസിഡൻറ്
പ്രൊഫ. എ. വിജയൻ
സെൻറ് തോമസ് കോളേജ്
റാന്നി

സെക്രട്ടറി
പ്രൊഫ. ടി കെ ജി നായർ
എൻ എസ് എസ് കോളേജ്
പന്തളം

കോട്ടയം
പ്രസിഡൻറ്
പ്രൊഫ ഇ പി മാത്യു
സെൻറ് സ്റ്റീഫൻസ് കോളേജ്
ഉഴവൂർ

സെക്രട്ടറി
പ്രൊഫ. മോഹൻ കുര്യൻ
സി എം എസ് കോളേജ്
കോട്ടയം

എറണാകുളം
പ്രസിഡൻറ്
പ്രൊഫ വി പി ശിവശങ്കരൻ നായർ
ശ്രീ ശങ്കരാ കോളേജ്
കാലടി

സെക്രട്ടറി
പ്രൊഫ ടി എം തോമസ്
നിർമ്മല കോളേജ്
മൂവാററുപുഴ

തൃശൂർ
പ്രസിഡൻറ്
പ്രൊഫ പി എസ് നാരായണൻ
എസ് കെ വി കോളേജ്
തൃശൂർ

സെക്രട്ടറി
പ്രൊഫ. എ എം കൃഷ്ണൻ
എസ് എൻ കോളേജ്
നാട്ടിക

പാലക്കാട്
പ്രസിഡൻറ്
പ്രൊഫ എ ടി പെരിയാൻ
വി ടി ബി കോളേജ്
ശ്രീകൃഷ്ണപുരം

സെക്രട്ടറി
പ്രൊഫ കെ ആർ മോഹൻദാസ്
എം ഇ എസ് കോളേജ്
മണ്ണാർക്കാട്

മലപ്പുറം
പ്രസിഡൻറ്
പ്രൊഫ എ ശിവരാമൻ
എൻ എസ് കോളേജ്, മഞ്ചേരി

സെക്രട്ടറി
പ്രൊഫ ടി പി ഹബീബ് റഹ്മാൻ
എം ഇ എസ് കോളേജ്
പൊന്നാനി

കോഴിക്കോട്—വയനാട്
പ്രസിഡൻറ്
പ്രൊഫ പി പി ജോൺ
സെൻറ് ജോസഫ്സ് കോളേജ്
ദേവഗിരി

സെക്രട്ടറി
പ്രൊഫ വി രാജഗോപാലൻ
മലബാർ ക്രിസ്ത്യൻ കോളേജ്
കോഴിക്കോട്

കണ്ണൂർ
പ്രസിഡൻറ്
പ്രൊഫ. എം. അബ്ദുറഹ്മാൻ
സർസയ്യദ് കോളേജ്
തളിപ്പറമ്പ്

സെക്രട്ടറി
പ്രൊഫ ഇ ദാമോദരൻ
പയ്യന്നൂർ കോളേജ്
പയ്യന്നൂർ

## പ്രവർത്തക സമിതിയിലേക്ക് നോമിനേററ് ചെയ്തു

(എക്സ്ഒഫീഷ്യോസെക്രട്ടറി), പ്രൊഫ. എം. സലിം (ഫാറൂക്ക് കോളേ
പ്രൊഫ. എസ്. വിശ്വനാഥൻ
ജ്) പ്രൊഫ ജോയി കുളവേലി (യു സി ആലുവ) പ്രൊഫ കെ പി ദിവാകരൻ നായർ (എൻ എസ്
എസ്, ധനുവച്ചപുരം എന്നിവരെ പ്രവർത്തകസമിതിയിലേക്ക് നോമിനേററ് ചെയ്തു.

## പ്രൊഫ. വി. നാരായണൻകുട്ടി വിരമിച്ചു

എ കെ പി സി ടി എയുടെ വളർച്ചയിൽ പ്രധാന പങ്കുവഹിച്ച പ്രൊഫ. വി നാരായണൻകുട്ടി സർവ്വീസിൽനിന്നും വിരമിച്ചു. അധ്യാപകനായി നാൽപതുവർഷം (പ്രശസ്തമായ സേവനം അദ്ദേഹം അനുഷ്ഠിച്ചു. 1953ൽ സ്കൂൾ സർവ്വീസിൽ പ്രവേശിച്ച പ്രൊഫ നാരായണൻകുട്ടി 1963ൽ ഗുരുവായൂരപ്പൻ കോളേജിൽ അധ്യാപകനായി, അന്നു മുതൽ സംഘടനയുടെ മുന്നണിപ്പോരാളിയായി. 1979 മുതൽ 1984വരെ കാലിക്കട്ട് സിൻഡിക്കേററംഗമായി പ്രവർത്തിച്ചു. അക്കാഡമിക് കൗൺസിൽ, ബോർഡ് ഓഫ് സ്ററഡീസ് എന്നീ സമിതികളിലും അംഗമായിരുന്നു. എ കെ പി സി ടി എ പ്രസിഡൻറ് ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പലതവണ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

സ്വകാര്യകോളേജധ്യാപകരുടെ സംഘടിത മുന്നേററത്തിന് നേതൃത്വം നൽകിയ പ്രൊഫ. നാരായണൻ കുട്ടിക്ക് വിവിധ ബഹുജന-സർവ്വീസ് സംഘടനകൾ കോഴിക്കോട്ട് യാത്രഅയപ്പു നൽകി.

## പ്രൊഫ. ജി. മാധവൻനായർ വിരമിച്ചു

എ കെ പി സി ടി എ മുൻ ജനറൽ സെക്രട്ടറി പ്രൊഫ. ജി. മാധവൻ നായർ സർവ്വീസിൽ നിന്നും വിരമിച്ചു. എൻ എസ് എസിൻെറ ഒട്ടുമിക്ക കോളേജിലും ജോലി നോക്കിയിട്ടുള്ള അദ്ദേഹം വിരമിക്കുമ്പോൾ ധനുവച്ചപുരം കോളേജിലായിരുന്നു. നീരന്തരമുള്ള സ്ഥലംമാററങ്ങളിൽ അൽപംപോലും തളരാതെ സംഘടനക്കുവേണ്ടി അദ്ദേഹം പ്രവർത്തിച്ചു. എ കെ പി സി ടി എ നടത്തിയിട്ടുള്ള നിർണായക സമരങ്ങളിൽ പ്രൊഫ. മാധവൻനായരുടെ നേതൃത്വം വിലപ്പെട്ടതായിരുന്നു. സംഘടനയുടെ സമരശേഷി വർദ്ധിപ്പിക്കുന്നതിനും ഗവൺമെൻറും മാനേജ്മെൻറുകളുമായി പോരാടി നേട്ടങ്ങൾ കൈവരിക്കുന്നതിനും അദ്ദേഹത്തിൻെറ സംഘടനാപാടവം സഹായകമായി. കാലിക്കട്ട് യൂണിവേഴ്സിററി സിൻഡിക്കേററംഗം, ബോർഡ് ഓഫ് സ്ററഡീസ് മെമ്പർ എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചു.

എ കെ പി സി ടി എയും മററ് സർവ്വീസ്-ട്രേഡ്യൂണിയൻ സംഘടനകളും യോജിച്ചു മുന്നേറുന്നതിനുള്ള വേദിയൊരുക്കുന്നതിലും പ്രൊഫ. മാധവൻനായർ പ്രധാന പങ്കു വഹിച്ചിട്ടുണ്ട്.

## AKPCTA ലെയിസൺഓഫീസറന്മാർ

സെക്രട്ടറിയേററ് പ്രൊഫ. എസ്. വിശ്വനാഥൻ എസ് എൻ കോളേജ് ചെമ്പഴന്തി
ശ്രീ വിജയകുമാർ, മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം

ഡി. സി. ഇ ഓഫീസ് : പ്രൊഫ. കെ പി ദിവാകരൻ നായർ വി ടി എം എൻ എസ് എസ് കോളേജ് ധനുവച്ചപുരം, നെയ്യാററിൻകര. ശ്രീ ജോണി കെ ജോൺ, മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം, പ്രൊഫ ടി എൻ മനോഹരൻ എസ് എൻ കോളേജ്, ചെമ്പഴന്തി

ഡപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ : കൊല്ലം : ശ്രീ കെ വിജയധരൻ എസ് എൻ വിമൻസ് കോളേജ് കൊല്ലം കോട്ടയം :- ശ്രീ കെ മാത്യൂ ബസേലിയസ് കോളേജ് കോട്ടയം എറണാകുളം:- ശ്രീ സി സലിം കുമാർ എസ് എൻഎം കോളേജ് മാലിയങ്കര, തൃശ്ശൂർ ശ്രീ. എൻ. ഗോപാലകൃഷ്ണൻ എസ് കെ വി കോളേജ്,തൃശ്ശൂർ കോഴിക്കോട് ശ്രീ പി ടി അബ്ദുൽ ലത്തീഫ് ഫറൂക്ക് കോളേജ്, ഫറൂക്ക് കോഴിക്കോട്, സർവകലാശാലകൾ: കേരള : പ്രൊഫ എസ് ശിവൻഎസ് എൻ കോളേജ്,വർക്കല, എം ജി : പ്രൊഫ സക്കറിയ ഉമ്മൻ സി എം എസ് കോളേജ് കോട്ടയം കോഴിക്കോട് പ്രൊഫ വി രാജഗോപാലൻ മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്

പി. വി. ചന്ദ്രമോഹൻ, ജനറൽകൺവീനർ, സ്വാഗതസംഘം

# മുന്നേറുന്ന അധ്യാപകശക്തി

## 36-ാം സംസ്ഥാനസമ്മേളനം— ഒരവലോകനം

പ്രൈവററ് കോളേജധ്യാപകരുടെ സംഘശക്തിയുടെ കരുത്തുററ പ്രകടനം, പ്രഗത്ഭമതികരം പങ്കെടുത്ത സെമിനാറുകരം, സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിലെ സമുന്നതരുടെ സാന്നിധ്യംകൊണ്ട് ശ്രദ്ധേയമായ സമ്മേളനങ്ങരം-മാർച്ച് 25, 26, 27, തീയതികളിൽ കോഴിക്കോട്ടു നടന്നഎ് കെ പി സി ടി എയുടെ 36-ാം സംസ്ഥാന സമ്മേളനം സംഘടനയുടെ വളർച്ച തെളിയിക്കുന്നതായിരുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്തിന് ശരിയായ ദിശാബോധം നൽകുന്നതിൽ എ കെ പി സി ടിഎക്ക് വലിയ പങ്കുവഹിക്കാനുണ്ടെന്ന് സമ്മേളനം വ്യക്തമാക്കി. കോഴിക്കോട് ആർ. ആർ. സി. നഗറിൽ (ടൗൺഹാരം) സംഘടനയുടെ സംസ്ഥാന പ്രസിഡൻറ് പ്രൊഫ. വി. നാരായണൻകുട്ടി പതാക ഉയർത്തിയതോടെയാണ് സമ്മേളന നടപടികരംക്ക് തുടക്കം കുറിച്ചത്. രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചനക്ക് ശേഷമായിരുന്നു പതാകഉയർത്തൽ. തുടർന്ന് പ്രതിനിധി സമ്മേളനം. ഓരോ കോളേജിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടുവന്ന പ്രതിനിധികളെക്കൊണ്ട് നിറഞ്ഞ ടൗൺഹാളിൽ സമ്മേളനം ഉദ്ഘാടനം ചെയ്തത് പശ്ചിമ ബംഗാരം മുൻധനകാര്യ മന്ത്രിയും പ്രസിദ്ധ സാമ്പത്തിക ശാസ്ത്രജ്ഞനുമായ ഡോ. അശോക്മിത്രയാണ്. വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണത്തിൻെറ അപകടം വിശദീകരിച്ചുകൊണ്ടായിരുന്നു ഉദ്ഘാടന പ്രസംഗം. പ്രസിഡൻറ് പ്രൊഫ.വി. നാരായണൻകുട്ടി അധ്യക്ഷത വഹിച്ചു. സമ്മേളനത്തിന് ആശംസകളർപ്പിച്ചുകൊണ്ട് പ്രൊഫ. ടി. വി. ബാലൻ (പ്രസിഡൻറ് എകെജിസിടി) സ. കെ. ചന്ദ്രൻ (പ്രസിഡൻറ് കെ. എസ. ടി എ. ) സ. കെ. രവീന്ദ്രൻ (ജനറൽ സെക്രട്ടറി എൻ ജി ഒ യൂണിയൻ) എന്നിവർ സംസാരിച്ചു. സംഘടനകരം അവകാശപോരാട്ടം നടത്തുന്നതോടൊപ്പം സാമൂഹ്യമാററത്തിനുവേണ്ടിയും പൊരുതണമെന്ന് അവർ പറഞ്ഞു. ഉദ്ഘാടനസമ്മേളനത്തിൽ എകെപിസിടിഎ ജനറൽ സെക്രട്ടറി പ്രൊഫ. കെ. സദാശിവൻ നായർ സ്വാഗതവും സെക്രട്ടറി പ്രൊഫ. പി. ജെ. ഫിലിപ്പ് നന്ദിയും രേഖപ്പെടുത്തി.

സംഘടനയുടെ കഴിഞ്ഞൊരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് ജനറൽ സെക്രട്ടറിയും വരവ്ചെലവ്കണക്ക് ട്രഷററും ഉച്ചക്കുചേർന്ന പ്രതിനിധി സമ്മേളനത്തിൽ അവതരപ്പിച്ചു. കോളേജധ്യാപകർ ജീവിക്കുന്നത് ഒരു ഒററപ്പെട്ട തുരുത്തിലല്ലെന്നും ഇളകിമറിയുന്ന സാമൂഹ്യാന്തരീക്ഷത്തിലാണെന്നും ഓർമ്മിപ്പിച്ചുകൊണ്ട് ജനറൽ സെക്രട്ടറി സാർവ്വദേശീയ-ദേശീയ പ്രശ്നങ്ങരം റിപ്പോർട്ടിൽ സമഗ്രമായി വിലയിരുത്തി. സംഘടനയുടെ പ്രവർത്തനങ്ങളെ പ്രത്യക്ഷമായും പരോക്ഷമായും സ്വാധീനിക്കുന്ന സാമൂഹ്യാന്തരീക്ഷംവിലയിരുത്തി മാത്രമേ സംഘടനക്കു മുന്നേറാനാകൂ. മററു സംഘടനകരംക്ക് ഇത്തരമൊരു കാഴ്ചപ്പാടില്ലാത്തതു കാരണം ഇരുട്ടിൽ തപ്പുകയാണ്. ഉന്നതവിദ്യാഭ്യാസമേഖല വളരെയധികം ചർച്ചാവിഷയമാകുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ പ്രവർത്തനങ്ങരം സ്വയംവിമർശന ബുദ്ധ്യാ വിലയിരുത്താൻ തയ്യാറാകണം. പഠനനിലവാരം, കലാലയാന്തരീക്ഷം, പാഠ്യപദ്ധതിയിൽ വരേണ്ടമാററങ്ങരം-ഇവയിലെല്ലാം സംഘടനാംഗങ്ങളുടെ സജീവമായ ഇടപെടൽ ഉണ്ടാകണം. സാമാന്യം ഭേദപ്പെട്ട ശമ്പളം ലഭിക്കുന്ന കോളേജ് അദ്ധ്യാപകരിൽ പലരും കച്ചവട മനഃസ്ഥിതിയോടെ സ്വകാര്യ ട്യൂഷൻ നടത്തുന്നത് അപലപനീയമാണെന്ന് റിപ്പോർട്ട് അധ്യാപകരെ ഓർമ്മപ്പെടുത്തി.

കോളേജധ്യാപകൻെറ നിലനിൽപുതന്നെ അപകടപ്പെടുത്തുന്ന നിയമങ്ങളാണ് സംസ്ഥാനസർക്കാർ കൊണ്ടുവരുന്നതെന്നും ഇതിനെതിരേ പോരാട്ടം നടത്തേണ്ട ഉത്തരവാദിത്വം ഓരോ അംഗവും സ്വയം ഏറെറടുക്കേണ്ടതുണ്ടെന്നും റി

# വിദ്യാഭ്യാസരംഗത്ത് വർഗീയത വൻ വിപത്ത്: ഇ. എം. എസ്.

വിദ്യാലയങ്ങളെ ജാതിമത വർഗീയത കയ്യടക്കുന്നുവെന്നതാണ് കേരള വിദ്യാഭ്യാസമേഖല നേരിടുന്ന ഏററവും വലിയ ഭീഷണിയെന്ന് ഇ എം എസ് പറഞ്ഞു. ഇതു കാണാതെ കലാലയ രാഷ്ട്രീയത്തെ ഉയർത്തിക്കാട്ടി ഇന്നു നടക്കുന്ന ചർച്ച ബാലിശമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പ്രീ പ്രൈമറിതൊട്ട് സർവകലാശാലവരെയുള്ള കേരളത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളിലെല്ലാം ജാതിയുടെയും മതത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നുവെന്നത് ഖേദകരമായ വസ്തുതയാണ്. വർഗീയ ശക്തികളുടെ ഈ നീക്കത്തിന് കേന്ദ്രസംസ്ഥാന സർക്കാരുകൾ സർവവിധ പിൻതുണയും നൽകുന്നുണ്ട്. ഈ പ്രശ്നത്തെച്ചൊല്ലി വിദ്യാഭ്യാസരംഗത്ത് സജീവ ചർച്ച ഉയർന്നുവരണം.

വിദ്യാഭ്യാസമേഖലയിൽ ഹൈന്ദവാന്തരീക്ഷം സൃഷ്ടിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് സംസ്കൃത സർവകലാശാല സ്ഥാപിക്കുന്നതെന്ന് വ്യക്തം. സംസ്കൃതം പഠിപ്പിക്കാനും പഠിക്കാനും സാധാരണ സർവകലാശാലകളിൽ ഒരു വകുപ്പ് മതി. സംസ്കൃത സർവകലാശാല അനാവശ്യമാണ്. ഇവിടെ ഹിന്ദുമതാചാര്യൻമാരുടെ സാന്നിദ്ധ്യം പ്രവർത്തനത്തിലാകെ വരുംവിധമാണ് സംസ്കൃതസർവകലാശാലയുടെ നടത്തിപ്പിന് രൂപം നൽകിയിരിക്കുന്നത്. സംസ്കൃത പണ്ഡിതൻ എന്ന മാററപ്പേരിൽ ശങ്കരാചാര്യരെത്തന്നെ ഉപദേഷ്ടാവാക്കിയിരിക്കുകയാണ്. ശങ്കരാചാര്യർ വിദ്യാഭ്യാസത്തിൽ കൈകടത്തിയാൽ ഹിന്ദുവർഗീയതയുടെ അന്തരീക്ഷം ഇവിടെ ഉണ്ടാവും. ഇത് മതേതര സങ്കൽപത്തിന്റെ കടക്കൽ കത്തിവെക്കയാണ്.

ജാതിയുടെയും മതത്തിന്റെയും പേരിലുള്ള സ്വകാര്യമാനേജുമെൻറുകൾ വിദ്യാലയങ്ങളിൽ ജാതിമത അന്തരീക്ഷം വളർത്തുന്നു. ഇതാണ് കേരള വിദ്യാഭ്യാസരംഗത്തെ ഏററവും പ്രധാന പ്രശ്നം. അല്ലാതെ പലരും കൊട്ടിഘോഷിക്കുന്നതുപോലെ വിദ്യാലയ രാഷ്ട്രീയമല്ല.

കേരളത്തിൽ വിദ്യാഭ്യാസ മേഖല വികസിപ്പിക്കുന്നതിൽ ക്രിസ്ത്യൻ മിഷനറിമാർ വളരെയേറെ സംഭാവന നൽകിയിട്ടുണ്ട്. എന്നാൽ അതിനേക്കാളേറെ ദോഷവും അവരുണ്ടാക്കി. വിദ്യാഭ്യാസത്തെ വർഗീയവൽക്കരിക്കുന്നതിന് ഇവിടെ തുടക്കം കുറിച്ചത് അവരാണ്. അവരുടെ ഉദ്ദേശ്യം ക്രിസ്തുമതം പ്രചരിപ്പിക്കലായിരുന്നു. 1957ൽ അന്നത്തെ വിദ്യാഭ്യാസമന്ത്രി പ്രൊഫ.

ജോസഫ് മുണ്ടശ്ശേരി വിദ്യാഭ്യാസ നിയമം അവതരിപ്പിച്ചപ്പോൾ ക്രിസ്ത്യൻ മിഷനറിമാർ ഇടഞ്ഞത് അതുകൊണ്ടായിരുന്നു. ക്രിസ്തീയാന്തരീക്ഷത്തിൽ പഠിപ്പിക്കാൻ അവസരം വേണമെന്നതായിരുന്നു അവരുടെ മുദ്രാവാക്യം.

ക്രിസ്ത്യാനികളുടെ ചുവടുപിടിച്ച് അതേ ലക്ഷ്യത്തിൽ ഹിന്ദുക്കളും മുസ്ലീംങ്ങളും നായൻമാരും ഈഴവരും വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി ഇവരുടെ മുന്നേററം ഇന്ന് മൂർധന്യത്തിൽ എത്തിയിരിക്കയാണ്. ഈ സ്ഥാപനങ്ങൾ ഇളം പ്രായത്തിൽതന്നെ കുട്ടികളിൽ മതചിന്തയും ജാതി ചിന്തയും കുത്തിവെക്കുന്നു.

സ്വകാര്യ മാനേജുമെൻറുകൾക്കു കിട്ടുന്ന ഈ പ്രോൽസാഹനത്തിൻെറ മറുവശമാണ് പാവപ്പെട്ടവർക്കു പഠിക്കാൻ വയ്യെന്ന നില. ഉന്നത വിദ്യാഭ്യാസം പാവപ്പെട്ടവർക്ക് കിട്ടാക്കനിയാകുമെന്നതിൻെറ സൂചനയാണ് സ്വാശ്രയകോളേജുകളെന്ന ആകർഷണീയമായ പദത്തിന് പിന്നിൽ. കോളേജ് നടത്താൻ പണം രക്ഷിതാക്കൾ നൽകണമെന്ന ഭീഷണമായ അർത്ഥമാണുള്ളത്. സ്കൂൾ-കോളേജ് ഫീസ് വർദ്ധിപ്പിച്ച് സർക്കാരും ഇതോടൊപ്പം നീങ്ങുന്നു. ഉയർന്ന ജീവിത ചെലവും പുസ്തക വിലയും വൻ ഫീസും കൂടെ സ്വാശ്രയ കോളേജുകളും ആവുമ്പോൾ സാധാരണക്കാരൻെറ മക്കൾക്ക് വിദ്യാഭ്യാസം കിട്ടാതാവുന്നു.

ഈ വൻ വിപത്തുകൾ കാണാതെ കലാലയ രാഷ്ട്രീയമാണ് മുഖ്യ പ്രശ്നമെന്ന രീതിയിലാണ് ഇന്ന് ചർച്ച നടക്കുന്നത്. തീർച്ചയായും കലാലയരാഷ്ടീയത്തിൽ ചില പിശകുകളുണ്ട്. അത് ചർച്ചചെയ്ത് പരിഹരിക്കാവുന്നതേയുള്ളു. സംഘടിക്കാനും രാഷ്ട്രീയം കൈയ്യാളാനുമുള്ള ഭരണഘടനാപരമായ സ്വാതന്ത്ര്യം നിഷേധിക്കാതെ ഇന്നുള്ള വിദ്യാർത്ഥി രാഷ്ട്രീയത്തിലെ വൃത്തികേടുകൾ ഒഴിവാക്കാൻ പൊതുചർച്ചയ്ക്ക് തയ്യാറാണ്.

അത് ചെയ്യാതെ വിദ്യാലയരാഷ്ട്രീയത്തെ നിരോധിക്കാൻ ഏത് വമ്പൻ വന്നാലും കഴിയില്ല. സംഘടിക്കാനുള്ള അവകാശം വിദ്യാർത്ഥികൾക്ക് സംഘടന നൽകുന്നുണ്ട്. ഏത് ജനാധിപത്യവ്യവസ്ഥിതിയുടെയും യാഥാർത്ഥ്യമാണത്. ഈ മൗലികാവകാശത്തെ നിരോധിക്കുന്ന വല്ല നിയമവും കൊണ്ടുവന്നാൽ അതിനെ കോടതി നിയമവിരുദ്ധമായി പ്രഖ്യാപിക്കും.

കലാലയങ്ങളിൽ ഇപ്പോൾ പഠിപ്പിക്കുന്നതെന്ത്? ഫലമെന്ത്? എന്ന ചർച്ചയും വീണ്ടും ഉയരേണ്ടതുണ്ട്. മെയ്യനങ്ങി പണിയെടുക്കാതെ കസേരയിൽ മേശയ്ക്കു മുമ്പിലിരുന്ന് ചെയ്യുന്ന ജോലിക്കുമാത്രം തയ്യാറാക്കുന്ന

(ശേഷം 15-ാം പേജിൽ)

പ്പോർട്ടിൽ പറയുന്നു. വിദ്യാഭ്യാസ രംഗം കൂടുതൽ കൂടുതൽ സ്വകാര്യവൽക്കരിക്കാനുള്ള ഭരണാധികാരികളുടെ നീക്കത്തിനെതിരെ ജാഗരൂകരായിരിക്കേണ്ടതാണ്. നമ്മുടെ സംഘടനയെ നാടിന്റെ പുരോഗതി ത്വരിതപ്പെടുത്താൻ കെൽപ്പുള്ള സാമൂഹ്യശക്തിയായി മാററിയെടുക്കാൻ കൂട്ടായി യത്നിക്കണമെന്നും റിപ്പോർട്ടിൽ ജനറൽ സെക്രട്ടറി ആവശ്യപ്പെട്ടു.

തുടർന്ന് 1994 ഫെബ്രുവരി 28ന് അവസാനിക്കുന്ന 93-'94 വർഷത്തെ 3,06983/84 രൂപ വരവും 30,962/84രൂപ അധികചെലവുമുള്ള ഓഡിററ് ചെയ്ത കണക്ക് ട്രഷറർ അവതരിപ്പിച്ചു. 18,21,780 രൂപ വരവും 18,18000രൂപ ചെലവും 3780 രൂപ മിച്ചവും പ്രതീക്ഷിക്കുന്ന '94-'95ലെ ബഡ്ജററും ട്രഷറർ അവതരിപ്പിച്ചു.

റിപ്പോർട്ടും കണക്കും പ്രതിനിധികൾ യൂണിവേഴ്സിററി മേഖല തിരിഞ്ഞ് 26-ാം തീയതി രാത്രിയിൽ വിശദമായി ചർച്ചചെയ്തു.

## ക്ഷേമനിധി വിതരണം

സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചു നടന്ന പ്രധാനപ്പെട്ട മറെറാരു ചടങ്ങ് ക്ഷേമനിധിവിതരണമായിരുന്നു. നമ്മോടൊപ്പം പ്രവർത്തിക്കുകയും അകാലത്തിൽ നമ്മെ വിട്ടുപോവുകയും ചെയ്തവരുടെ ആശ്രിതരെ സഹായിക്കാനുള്ള ക്ഷേമനിധി സംവിധാനം കോളേജധ്യാപക മേഖലയിൽ എകെപിസിടിഎ ക്കു മാത്രമാണുള്ളത്. ഇതിനായി സംഘടനയ്ക്ക് പ്രത്യേക നിയമാവലികളോടുകൂടിയ വെൽഫയർ ട്രസ്ററുതന്നെയുണ്ട്. ഈ വർഷം ട്രസ്ററിൽനിന്നുള്ള സാമ്പത്തികസഹായം നൽകിയത് കാഞ്ഞങ്ങാട് നെഹ്റു ആർട്ട്സ് ആൻറ് സയൻസ് കോളേജ് അധ്യാപകനായിരിക്കെ അന്തരിച്ച പ്രൊഫ. മാധവൻ നായർ, ആലുവാ യു.സി കോളേജ് അധ്യാപകനായിരിക്കെ അന്തരിച്ച ഡോ. കുരുവിള എന്നിവരുടെ ആശ്രിതർക്കാണ്. ക്ഷേമനിധി വിതരണത്തിനായി ചേർന്ന യോഗത്തിൽ കോഴിക്കോട് യൂണിവേഴ്സിററി സിൻഡിക്കേററംഗം പ്രൊഫ. കെ. ദാമോദരൻ അധ്യക്ഷത വഹിച്ചു. പ്രസിഡൻറ് വി. നാരായണൻകുട്ടിയാണ് ക്ഷേമനിധി വിതരണം ചെയ്തത്. പ്രൊഫ. മാമൻ വർക്കി സ്വാഗതവും പ്രൊഫ. പി. പി. ജോൺ നന്ദിയും പറഞ്ഞു.

## പ്രൊഫ. ആർ. ആർ. സി. എൻഡോവ്മെൻറ് ലക്ചർ

അസംഘടിതരായിരുന്ന പ്രൈവററ് കോളേജധ്യാപകരെ സംഘടനയിലൂടെ ശക്തരാക്കാൻ സമർത്ഥമായ നേതൃത്വം നൽകിയവരിൽ പ്രധാനിയായിരുന്നു പ്രൊഫ. ആർ ആർ സി. അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്നതിനായി എല്ലാ സംസ്ഥാന സമ്മേളനങ്ങളോടും അനുബന്ധിച്ച് ആർ. ആർ. സി. എൻഡോവ്മെൻറ് ലക്ചർ നടത്തുവാൻ എകെപിസിടിഎ തീരുമാനിച്ചു. മൂന്നാം ആർ ആർ സി. എൻഡോവ്മെൻറ് ലക്ചറാണ് കോഴിക്കോട് സമ്മേളനത്തോടനുബന്ധിച്ച് നടത്തിയത്. പശ്ചിമ ബംഗാൾ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഐഫെക്ടോയുടെ സ്ഥാപക നേതാക്കളിലൊരാളും, പ്രൊഫ. ആർ. ആർ. സി യുടെ ഉററമിത്രവുമായ പ്രൊഫ. സത്യസാധൻ ചക്രവർത്തിയാണ് അനുസ്മരണ പ്രഭാഷണം നടത്തിയത്. (പ്രഭാഷണം അന്യത്ര കൊടുത്തിട്ടുണ്ട്). സംഘടനയുടെ വൈസ് പ്രസിഡണ്ട് പ്രൊഫ. പി. ജി ചന്ദ്രശേഖരൻനായർ അധ്യക്ഷത വഹിച്ചു. പ്രൊഫ. ആർ. മോഹൻകുമാർ (സെക്രട്ടറി എ കെ പി സി ടി എ) സ്വാഗതവും പ്രൊഫ. എ. ശിവരാമൻ (കൺവീനർ, സ്വാഗത സംഘം) കൃതജ്ഞതയും പറഞ്ഞു.

## കരുത്തുതെളിയിച്ച പ്രകടനം

അവകാശസമരത്തോടൊപ്പം വിദ്യാഭ്യാസമേഖലയിലെ ദുർനയങ്ങൾക്കെതിരെയുള്ള പോരാട്ടം തുടരുമെന്ന പ്രഖ്യാപനവുമായി നടന്ന 36-ാംസംസ്ഥാനസമ്മേളനത്തിന് മാററുകൂട്ടിയതായിരുന്നു ശനിയാഴ്ച വൈകിട്ടു നടന്ന പ്രകടനം. സമ്മേളനനഗരിയായ ടൗൺഹാളിനടുത്തുനിന്നാരംഭിച്ച പ്രകടനത്തിൽ സംസ്ഥാനത്തെ വിവിധ സ്വകാര്യകോളേജുകളിൽനിന്നായി വനിതകളടക്കം നൂറുകണക്കിനധ്യാപകർ അണിചേർന്നു. സംഘടനയുടെ ശുഭ്രപതാകയും വഹിച്ചുനീങ്ങിയ പ്രകടനം ഒരു നവീപ്ര

# വിദ്യാഭ്യാസരംഗത്തെ സ്വകാര്യവത്കരണം അദ്ധ്യാപകർ ചെറുക്കണം

**ഡോ. അശോക്‌മിത്ര**

വിദ്യാഭ്യാസരംഗത്തെ സ്വകാര്യവത്ക്കരണം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. വിദ്യാഭ്യാസസമത്വമെന്ന ആശയത്തെ തകിടംമറിക്കുന്നതാണിത്. വിദ്യാഭ്യാസം സമ്പന്നവിഭാഗത്തിനുമാത്രം എത്തിപ്പിടിക്കാൻ കഴിയുന്ന അവസ്ഥയിലേക്ക് രാജ്യത്തെ നയിക്കാനാണ് ഈ നീക്കം. ഇതിനെതിരായ ചെറുത്തുനിൽപിൽ അദ്ധ്യാപകർ മുന്നിട്ടിറങ്ങണം.

പാവപ്പെട്ടവർക്ക് ഇപ്പോഴുള്ള വിദ്യാഭ്യാസസൗജന്യങ്ങൾ അത്രയും സ്വകാര്യവൽക്കരണത്തിലൂടെ നഷ്ടമാകും. കാശുള്ളവന് പഠിക്കാം എന്ന സ്ഥിതിയാണ് സംജാതമാകുക. പിന്നോക്ക വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസസഹായവും ദരിദ്രവിഭാഗങ്ങൾക്കു മററു സഹായവുമൊക്കെ സ്വകാര്യമേഖലയിൽ പ്രതീക്ഷിക്കേണ്ടതില്ല. വിദ്യാഭ്യാസം ഗവൺമെൻറ് മേഖലയിൽ നിലനിർത്തുകയെന്നത് അതുകൊണ്ടുതന്നെ പരമപ്രധാനമാണ്.

ക്യാപ്പിറേറഷൻ ഫീസ് വാങ്ങുന്ന എഞ്ചിനീയറിംഗ് കോളേജിൽ സീററ് വാങ്ങാൻ പാവപ്പെട്ടവർക്ക് കഴിയില്ല നാലും അഞ്ചും ലക്ഷം രൂപ നൽകിയാൽ എഞ്ചിനീയറും ഡോക്ടറുമൊക്കെയാവാമെന്ന സ്ഥിതിയുണ്ടായാൽ നിലവിലുള്ള സാമ്പത്തിക സാമൂഹിക അസമത്വങ്ങൾ വർദ്ധിക്കുകയേയുള്ളു. ഇളംതലമുറയുടെ മാനസിക നിലവാരം ഉയർത്താൻ ബാദ്ധ്യതപ്പെട്ട അദ്ധ്യാപകർക്ക് ഇക്കാര്യത്തിൽ ഏറെ ചെയ്യാനുണ്ട്.

വിദ്യാഭ്യാസരംഗത്തെ സ്വകാര്യവൽക്കരണമെന്നത് ഒററപ്പെട്ട സംഭവമല്ല. സർവ മേഖലയും സ്വകാര്യ വ്യക്തികൾക്ക് കൈമാറാനുള്ള നീക്കം ശക്തിപ്പെട്ടുകൊണ്ടിരിക്കയാണ്. കഴിഞ്ഞ മൂന്നു വർഷമായി ഇതിൻെറ വേഗത വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

വിദേശ രാജ്യങ്ങളിൽനിന്ന് ഫണ്ട് സ്വരൂപിച്ചുകൊണ്ടുള്ള വികസന മാതൃകയാണ് ഇന്ത്യ പിൻതുടരുന്നത്. ചില നിബന്ധനകൾക്കു വിധേയമായിമാത്രമേ അവർ ഫണ്ട് തരൂ. സാമൂഹ്യസേവനങ്ങൾക്കും വിദ്യാഭ്യാസത്തിനും ആരോഗ്യപരിപാലനത്തിനുമൊക്കെയുള്ള ഫണ്ട് വെട്ടിക്കുറക്കുക എന്ന നിർദ്ദേശമാണ് സഹായധനം നൽകുന്ന രാജ്യങ്ങൾ മുന്നോട്ടു വയ്ക്കുന്നത്. അത് അക്ഷരംപ്രതി അനുസരിക്കയാണ് ഭരണാധികാരികൾ. ഇതിൻെറ ഫലമായി പൊതുമേഖലാസ്ഥാപനങ്ങൾ ഒന്നൊന്നായി പൂട്ടിക്കൊണ്ടിരിക്കുന്നു. സർവ മേഖലയും സ്വകാര്യവ്യക്തികൾ കൈയ്യടക്കുന്നു.

പത്തുശതമാനത്തോളംവരുന്ന ജനങ്ങൾക്കു മാത്രമേ ജീവിതം ആസ്വദിക്കാൻ കഴിയുന്നുള്ളു. രാവിലെയും വൈകിട്ടും കളർ മാറിക്കൊണ്ടിരിക്കുന്ന ടെലിവിഷനെക്കുറിച്ചും വ്യത്യസ്ത നിറമുള്ള തട്ടുകളോടുകൂടിയ റെഫ്രിജറേററുകളെക്കുറിച്ചുമൊക്കെ സംസാരിക്കാൻ അവർക്കുമാത്രമേ കഴിയുന്നുള്ളു പരസ്യങ്ങൾ അത്രയും ഇവരെക്കുറിച്ചുള്ള കഥകളാണ് പറയുന്നത്.

ഈ വിഭാഗത്തിൽപ്പെട്ടവർ ഉപയോഗിക്കുന്ന സാധനങ്ങൾക്ക് നികുതിയിളവ് പ്രഖ്യാപിക്കുകയാണ് ഭരണാധികാരികൾ സാധാരണക്കാർ വാങ്ങുന്ന സാധനങ്ങളുടെ വില ദിനംപ്രതി വർദ്ധിക്കുന്നു ഇത്തരം സാധനങ്ങളുടെ വില വർഷംതോറും കുതിച്ചുയരുകയാണ്. ഇതിനെതിരായി പൊരുതാൻ എല്ലാ വിഭാഗം ജനങ്ങളും കൈകോർക്കേണ്ടതുണ്ട്.

നിരവധി പ്രശ്നങ്ങൾ അദ്ധ്യാപകരുടെ മുന്നിലിന്നുണ്ട്. ഇവക്കെതിരായി പോരാടുമ്പോഴും വിദ്യാർത്ഥികളോടുള്ള കടമ മറക്കാൻ പാടില്ല 18 മുതൽ 24 വയസുവരെയുള്ളവരുടെ രണ്ടു ശതമാനം മാത്രമേ കോളേജുകളിൽ എത്തുന്നുള്ളു എന്ന സത്യം മറക്കരുത്.

വാഹനംപോലെ കോഴിക്കോട് നഗരത്തിന് പുതുമ പകർന്നു എ. കെ. പി. സി. ടി. എ പ്രസിഡൻറ് പ്രൊഫ. വി. നാരായണൻകുട്ടി, ജനറൽ സെക്രട്ടറി പ്രൊഫ. കെ. സദാശിവൻ നായർ, പ്രൊഫ. ജി. മാധവൻ നായർ പ്രൊഫ. പി. ജി. ചന്ദ്രശേഖരൻ നായർ, പ്രൊഫ. സി. ജെ. ശിവശങ്കരൻ, പ്രൊഫ. ചന്ദ്രമോഹനൻ, പ്രൊഫ. മോഹൻകുമാർ, പ്രൊഫ. പി. ജെ. ഫിലിപ്പ്, പ്രൊഫ. മാമ്മൻ വർക്കി, പ്രൊഫ. കെ. ദാമോദരൻ, പ്രൊഫ. എം. സലിം തുടങ്ങിയവർ പ്രകടനത്തിന് നേതൃത്വം നൽകി.

വിദ്യാഭ്യാസമേഖലയാകെ വികലമാക്കുന്ന കേരള സർക്കാരിൻെറ ദുർനയങ്ങൾക്കെതിരെ പൊരുതുമെന്ന് പ്രഖ്യാപിക്കുന്ന മുദ്രാവാക്യങ്ങളാണ് പ്രകടനത്തിൽ മുഴങ്ങിനിന്നത്. പ്രകടനത്തിനഭിവാദ്യമർപ്പിക്കാൻ നിരവധി സംഘടനകൾ അണിനിരന്നിരുന്നു. എ കെ പി സി ടി എ യും വിവിധ വിദ്യാർത്ഥി-യുവജനസംഘടനകളും ട്രേഡ്‌യൂണിയനുകളും തമ്മിൽ വളർന്നുവരുന്ന ഐക്യംഅഭിവാദ്യപ്രകടനത്തിൽ വ്യക്തമായിരുന്നു

## പൊതുസമ്മേളനം

വൈകിട്ട് അധ്യാപകപ്രകടനത്തിനുശേഷം നടന്ന പൊതുസമ്മേളനം ഉദ്ഘാടനംചെയ്തത് സ. ഇ. എം. എസ്. ആണ്. പ്രൊഫ. സത്യസാധൻ ചക്രവർത്തി, എൽ. ഡി. എഫ്. കൺവീനർ സ. എം. എം. ലോറൻസ്, ജനതാദൾ നേതാവ് അരങ്ങിൽ ശ്രീധരൻ എന്നിവർ സംസാരിച്ചു. പ്രൊഫ. വി. നാരായണൻകുട്ടി അധ്യക്ഷതവഹിച്ചു. സ്വാഗതസംഘം ചെയർമാൻ എം. ദാസൻ സ്വാഗതവും പ്രൊഫ. സി. ജെ. ശിവശങ്കരൻ നന്ദിയും രേഖപ്പെടുത്തി

രാത്രി 9 മണിമുതൽ നടന്ന ഗ്രൂപ്പുചർച്ചയിൽ പ്രതിനിധികൾ സജീവമായി പങ്കെടുത്തു. ഞായറാഴ്ച ഗ്രൂപ്പുചർച്ചകളുടെ റിപ്പോർട്ടിംഗ് നടന്നു. കോഴിക്കോട്, ഗാന്ധിജി, കേരള സർവ്വകലാശാലകളെ പ്രതിനിധീകരിച്ച് പ്രൊഫ. മധു, പ്രൊഫ. പത്മകുമാർ, പ്രൊഫ. രവീന്ദ്രൻ നായർ, പ്രൊഫ. കൃഷ്ണൻകുട്ടി, ജയദേവൻ, പ്രൊഫ. മാത്തച്ചൻ, പ്രൊഫ. ജോൺ എം. ഇട്ടി എന്നിവരാണ് ഗ്രൂപ്പുചർച്ചയിലെ തീരുമാനങ്ങൾ പ്രതിനിധിസമ്മേളനത്തിൽ റിപ്പോർട്ടുചെയ്തത്.

## യാത്രഅയപ്പ്

അത്യന്തം വികാര നിർഭരമായ അന്തരീക്ഷത്തിലാണ് യാത്രഅയപ്പുസമ്മേളനം നടന്നത് സംഘടനയുടെ സമുന്നതസാരഥികളായിരുന്ന പ്രൊഫ. വി. നാരായണൻകുട്ടി, പ്രൊഫ. ജി. മാധവൻ നായർ എന്നിവർക്ക് യാത്ര അയപ്പ് നൽകുമ്പോൾ അവരുടെ നിരവധി വർഷത്തെ നേതൃത്വപരമായ പങ്ക് അനുസ്മരിക്കപ്പെട്ടു. ഇവരെക്കൂടാതെ പ്രൊഫ. ജോൺ ഫിലിപ്പ്, പ്രൊഫ., പി. എഫ്. തോമസ് എന്നിവർക്കും സമ്മേളനത്തിൽവച്ച് യാത്ര അയപ്പുനൽകി

ഫെഫക്ടോ സെക്രട്ടറി പ്രൊഫ. എസ്. വിശ്വനാഥനാണ് യാത്രഅയപ്പു സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത്. എം. ജി. യൂണിവേഴ്സിററി രജിസ്ട്രാർ ഡോ. എം. സി. ചാക്കോ, പ്രൊഫ. പി. നരേന്ദ്രൻ, പ്രൊഫ. പി. ജെ. ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. ഹൃദ്യമായ യാത്ര അയപ്പിന് നന്ദിപറഞ്ഞുകൊണ്ട് പ്രൊഫ. വി. നാരായണൻകുട്ടി, പ്രൊഫ. ജി. മാധവൻ നായർ, പ്രൊഫ. ജോൺ ഫിലിപ്പ്, പ്രൊഫ. പി. എഫ്. തോമസ് എന്നിവർ സംസാരിച്ചു. സ്വാഗതസംഘം കൺവീനർ പ്രൊഫ. എ. സലിം സ്വാഗതവും പ്രൊഫ. വി. രാജഗോപാലൻ നന്ദിയും പറഞ്ഞു,

തുടർന്ന് റിപ്പോർട്ടിൻമേൽ നടന്ന ചർച്ചകൾക്ക് ജനറൽ സെക്രട്ടറി മറുപടി പറഞ്ഞു. വരവുചെലവു കണക്കുകളെപ്പററിയുള്ള ചർച്ചകൾക്ക് ട്രഷറർ മറുപടിപറഞ്ഞു. റിപ്പോർട്ടും കണക്കും സമ്മേളനം പാസാക്കി. ബഡ്ജററ് ചെറിയ ഭേദഗതികളോടെയാണ് അംഗീകരിച്ചത്

# അഞ്ച് സെമിനാറുകൾ

സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് സമകാലീന വിദ്യാഭ്യാസ രാഷ്ട്രീയ സാമ്പത്തിക പ്രശ്നങ്ങളെ ആസ്പദമാക്കി 5 സെമിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി, കോഴിക്കോട് പ്രോവിഡൻസ് കോളേജിൽ വച്ചുനടന്ന ഒന്നാമത്തെ സെമിനാറിൽ "സ്ത്രീകളുടെ ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രസക്തി " എന്ന വിഷയം 'സീഡിററിലെ ഡോ. നടാദുവാരി അവതരിപ്പിച്ചു. പ്രൊഫ. എം. കെ. പ്രേമജം (പ്രിൻസിപ്പൽ, ഗവൺമെൻറ് ആർട്സ് ആൻറ് സയൻസ് കോളേജ്, കോഴിക്കോട്) ഡോ. സ്നേഹ പ്രഭ എന്നിവർ ചർച്ചകളിൽ പങ്കെടുത്തു സംസാരിച്ചു. ഭാരതീനായർ അധ്യക്ഷത വഹിച്ച സെമിനാറിൽ വിൽമാജോൺ സ്വാഗതവും മിനിബാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

രണ്ടാമത്തെ സെമിനാർ കോഴിക്കോട് മലബാർ കൃസ്ത്യൻ കോളേജിലാണ് നടന്നത്. "കരിക്കുലം വികസനം—ഉന്നതവിദ്യാഭ്യാസത്തിൽ" എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാറിൽ ഡോ. കെ. എൻ. ഗണേഷ് മുഖ്യ പ്രഭാഷണം നടത്തി. ഡോ. എം. ആർ. രാഘവവാര്യർ, ഡോ. ചാത്തനാത്ത് അച്ചുതനുണ്ണി തുടങ്ങിയ പ്രഗത്ഭർ ചർച്ചകളിൽ പങ്കെടുത്തു.

മാർച്ച് 25ന് കോഴിക്കോട് ടൗൺഹാളിൽ 3 സെമിനാറുകൾ നടന്നു. 'ഉന്നത വിദ്യാഭ്യാസ രംഗത്തെ ജനാധിപത്യവല്കരണം' എന്ന വിഷയത്തെക്കുറിച്ചു നടന്ന സെമിനാറിൽ ഡോ. രാജൻ ഗുരുക്കൾ, ഡോ. കെ. കെ. ജോർജ്, സി. പി. നാരായണൻ, കെ. എൻ. ബാലഗോപാൽ എന്നിവർ സംസാരിച്ചു. പ്രൊഫ, ഐ. ജി. ഭാസ്കരപ്പണിക്കർ അധ്യക്ഷത വഹിച്ചു. പ്രൊഫ. എം. താഹിർ സ്വാഗതവും, പ്രൊഫ. കെ. ശശിധരൻ നന്ദിയും പറഞ്ഞു.

'സ്വാശ്രയ കോളേജുകൾ—പ്രചാരണവും വസ്തുതയും' എന്ന വിഷയത്തെക്കുറിച്ചു നടന്ന സെമിനാറിൽ പ്രൊഫ. മാമ്മൻവർക്കി, പ്രൊഫ. ജി, മാധവൻ നായർ, പ്രൊഫ. ജോയ് ജോബ് കുളവേലിൽ എന്നിവർ സംസാരിച്ചു. പ്രൊഫ. സി. പി. അബൂബേക്കർ അധ്യക്ഷതവഹിച്ചു. പ്രൊഫ. ഡി. ഡി നമ്പൂതിരി സ്വാഗതവും ഡോ. കെ. എൻ. ഗണേഷ് നന്ദിയും പറഞ്ഞു.

വൈകിട്ട് ടൗൺ ഹാളിൽ ചേർന്ന "പുത്തൻ സാമ്പത്തിക നയത്തിന്റെ പ്രത്യാഘാതങ്ങൾ വിദ്യാഭ്യാസ മേഖലയിൽ" എന്ന സെമിനാറിൽ ഭാരതീദാസൻ യൂണിവേഴ്സിററി പ്രൊഫസറും പ്രസിദ്ധ സാമ്പത്തിക ശാസ്ത്രജ്ഞനുമായ ഡോ. വെങ്കിടേഷ് ആത്രേയ, പ്രൊഫ. എം. എൻ. വിജയൻ, ഡോ. കെ. പി, അരവിന്ദൻ, ബിനോയ് വിശ്വം എന്നിവർ സംസാരിച്ചു. പ്രൊഫ. കെ. എ. ജലീൽ അധ്യക്ഷതവഹിച്ചു പ്രൊഫ. ടി. പി. കുഞ്ഞിക്കണ്ണൻ സ്വാഗതവും പ്രൊഫ. കെ. ശ്രീധരൻ നന്ദിയും പറഞ്ഞു.

# ബംഗാളിൽ വിദ്യാഭ്യാസം ജനാധിപത്യവൽക്കരിച്ചു

പ്രൊഫ. സത്യസാധൻ ചക്രവർത്തി

പശ്ചിമബംഗാളിൽ വിദ്യാഭ്യാസരംഗം പൂർണമായി ജനാധിപത്യവൽക്കരിച്ചുവെന്ന് പശ്ചിമബംഗാം വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സത്യസാധൻ ചക്രവർത്തി പറഞ്ഞു. തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളാണ് സെനററും, സിൻഡിക്കേററും ഭരിക്കുന്നത്. 99 ശതമാനം വിദ്യാഭ്യാസസ്ഥാപനങ്ങളും ഗവൺമെൻറ് നിയന്ത്രണത്തിലാണ്. അദ്ധ്യാപകപ്രസ്ഥാനത്തിൻെറയും ജനാധിപത്യശക്തികളുടെയും സഹകരണംകൊണ്ടാണ് ഈ നേട്ടം കൈവരിക്കാനായിട്ടുള്ളത്.

സ്വകാര്യവൽക്കരണത്തിലൂടെയും സ്വാശ്രയകോളേജുകരം നടപ്പാക്കുന്നതിലൂടെയും വിദ്യാഭ്യാസം സ്വകാര്യ വ്യവസായികളുടെ കൈയ്യിലെത്തുമെന്ന് തീർച്ച. ഇതിൻെറ ഫലമായി സാധാരണ കോളേജുകളും സ്കൂളുകളും പണമില്ലാതെ നശിക്കും. സ്വകാര്യവൽക്കരണത്തിലൂടെയും സ്വാശ്രയകോളേജുകരം സ്ഥാപിക്കുന്നതിലൂടെയും വിദ്യാഭ്യാസരംഗത്ത് ധനസമാഹരണം നടത്താൻ കഴിയുമെന്ന് കരുതുന്നത് ശുദ്ധ അസംബന്ധമാണ്.

രാജീവ് ഗാന്ധിയുടെ കാലത്താണ് വിദ്യാഭ്യാസരംഗത്തെ സ്വകാര്യവൽക്കരണത്തിന് തുടക്കംകുറിച്ചത്. അതുവരെ വിദ്യാഭ്യാസം സാർവ്വത്രികവും സൗജന്യവും എന്ന മുദ്രാവാക്യമായിരുന്നു. രാജീവ് ഗാന്ധിയുടെ കാലംതൊട്ട് തുടങ്ങിയ സ്വകാര്യവൽക്കരണത്തിന് റാവുവിൻെറ കാലത്ത് വേഗതയേറി.

ലോകത്തെ ഗവേഷണവികസനപ്രവർത്തനങ്ങളുടെ 80 ശതമാനവും വികസിതരാഷ്ട്രങ്ങളുടെ കൈയ്യിലാണ്. ഈ രംഗത്ത് വികസിതരാഷ്ട്രങ്ങളുടെ കൈനീട്ടിയായിരിക്കേണ്ട ഗതികേടിലാണ് മൂന്നാം ലോകരാജ്യങ്ങരം. ഡങ്കൽ നിർദ്ദേശം നടപ്പിലാക്കുന്നതോടെ ഇന്ത്യയുടെ അവശേഷിക്കുന്ന ഗവേഷണസ്ഥാപനങ്ങളും തകരും. വിദ്യാഭ്യാസരംഗത്തും പഴയ കൊളോണിയൽ വ്യവസ്ഥ പുനഃസ്ഥാപിക്കും.

*(സംസ്ഥാനസമ്മേളനത്തിലെ പ്രഭാഷണത്തിൽനിന്ന്)*

# പ്രമേയങ്ങളും തീരുമാനങ്ങളും

എ കെ പി സി ടി എ 36 ാം സംസ്ഥാന സമ്മേളനം 18 പ്രമേയങ്ങൾ അംഗീകരിച്ചു, ഏകീകൃത സർവ്വകലാശാലാ നിയമത്തിന്റെ മറവിൽ കോളേജ് അധ്യാപകരെ തരംതാഴ്ത്താനുള്ള സർക്കാർ നീക്കത്തെ ശക്തമായ പ്രക്ഷോഭത്തിലൂടെ ചെറുത്തുതോൽപ്പിക്കുമെന്ന് സംസ്ഥാന സമ്മേളനം പ്രഖ്യാപിച്ചു.

പകുതിയിലധികം വരുന്ന കോളേജധ്യാപകരെ ഹയർ സെക്കൻററി ബോർഡിലേക്ക് തരംതാഴ്ത്താനുള്ള നീക്കത്തിനെതിരേ ശക്തമായ പ്രക്ഷോഭത്തിന് എ കെ പി സി ടി എ നേതൃത്വം നല്കും..

ഇന്ത്യയുടെ സ്വാശ്രയത്വവും പരമാധികാരവും വിദേശസാമ്രാജ്യത്വത്തിന് അടിയറവയ്ക്കുന്ന ഡങ്കൽ നിർദ്ദേശങ്ങളിലും ഗാട്ട് കരാറിലും ഒപ്പുവെക്കാനുള്ള നീക്കത്തിൽ നിന്നും കേന്ദ്ര സർക്കാർ പിൻതിരിയണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. വിദ്യാഭ്യാസം, ബാങ്കിംഗ്, ഇൻഷ്വറൻസ് എന്നീ സേവനമേഖലകളെ സ്വകാര്യവല്ക്കരിക്കാനുള്ള നീക്കത്തെ ബഹുജന പ്രസ്ഥാനങ്ങളുമായുള്ള യോജിച്ച പ്രക്ഷോഭത്തിലൂടെ പരാജയപ്പെടുത്തണമെന്ന് സമ്മേളനം ആഹ്വാനം ചെയ്തു.

ടാഡ, എസ്മ പോലുള്ള കരി നിയമങ്ങൾ നടപ്പാക്കി ജനാധിപത്യ പ്രസ്ഥാനങ്ങളെ അടിച്ചമർത്താനുള്ള കേരള സർക്കാരിന്റെ തീരുമാനത്തെ യോഗം അപലപിച്ചു. ഈ കരിനിയമങ്ങൾ നടപ്പാക്കരുതെന്ന് സമ്മേളനം ആവശ്യപ്പെട്ടു.

കോളേജ് അധ്യാപകരുടെ സ്വകാര്യ ട്യൂഷൻ അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു.

(9-ാം പേജിന്റെ തുടർച്ച)

താണ് ഇന്നത്തെ വിദ്യാഭ്യാസം. ഇതിനെതിരെയാണ് ഗാന്ധിജി അടിസ്ഥാനവിദ്യാഭ്യാസനയം മുന്നോട്ടു വച്ചത്. അതേക്കുറിച്ച് പല അഭിപ്രായവ്യത്യാസവും ഉണ്ടെങ്കിലും അതിൽ വളരെ വളരെ ശരിയായ ഒരു കാര്യമുണ്ട്. വിദ്യാഭ്യാസവും തൊഴിലും ബന്ധപ്പെടണമെന്നതാണത്.

വിദ്യാഭ്യാസം പുസ്തകത്തിൽ കേന്ദ്രീകൃതമാണിന്ന്. പരീക്ഷ പാസാകണമെങ്കിൽ മന:പാഠം പഠിക്കണം. വിദ്യാർത്ഥികളെ മാനസികമായി തളർത്തുകയും ചെറുപ്രായം ദുർവ്യയം ചെയ്യുകയുമാണ് ഇതിന്റെ ഫലം.

ഇതിന്റെ മറുവശമാണ് മാതൃഭാഷയോടുള്ള പുച്ഛം. മുമ്പ് സംസ്കൃതത്തിനുണ്ടായിരുന്ന വേദഭാഷയെന്ന സ്ഥാനം ഇംഗ്ലീഷിനു നൽകാനുള്ള ശ്രമമാണെങ്ങും. മലയാളം പറഞ്ഞതിന് വിദ്യാർത്ഥിയെ മൊട്ടയടിച്ച സംഭവംപോലും അരങ്ങേറുന്നു.

ഉടുപ്പിലും നടപ്പിലും വിചാരത്തിലും സംസ്കാരത്തിലും ഇംഗ്ലീഷുകാരും തൊലിയുടെ നിറത്തിൽമാത്രം കറുത്തവരായുമുള്ള തലമുറയെവാർത്തെടുക്കുകയാണ് തങ്ങളുടെ ഉദ്ദേശ്യമെന്ന് മെക്കാളേ പണ്ടു മുമ്പ് എഴുതിവച്ചിട്ടുണ്ട്. ബ്രിട്ടീഷുകാർ തുടങ്ങിവെച്ച ആ രീതി ഇന്നും തുടരുന്നതിൽ യാതൊരു അർത്ഥവുമില്ല.

തൊഴിലിനോടൊപ്പം ശാസ്ത്രീയവും കലാപരവും സാഹിത്യപരവുമായവിജ്ഞാനം പകർന്നുകൊടുക്കുന്ന വിദ്യാഭ്യാസരീതി വരേണ്ടതുണ്ട്. ഇത് വർഗീയതയിൽനിന്നും പണാധിപത്യത്തിൽനിന്നും വിമുക്തമാകണം. □

# സ്ഥലംമാററത്തിൽ അഴിമതി

പ്രൊഫ. പി. ഹരിദാസൻ (സെക്രട്ടറി, എസ്. എൻ. കോളേജ് ടീച്ചേഴ്സ് കോ—ഓർഡിനേഷൻ കൗൺസിൽ)

ശ്രീനാരായണ ട്രസ്ററ് കമ്മീഷണർമാർ പുറത്തിറക്കിയ കോളേജ് അദ്ധ്യാപകരുടെ സ്ഥലംമാററ ഉത്തരവ് തത്വരഹിതവും സ്വാഭാവികനീതിക്കു വിരുദ്ധവുമായ ഒന്നാണ്. ദീർഘകാലമായി ഹോം കോളേജിനു പുറത്തു പണിയെടുത്തിട്ടുള്ള അർഹരായ അപേക്ഷകരിൽ ഭൂരിപക്ഷം പേർക്കും സ്ഥലംമാററം നിഷേധിച്ചിരിക്കുന്നു. അർഹരായ അപേക്ഷകരുടെ ഇടയിൽതന്നെ ഔട്ട്സൈഡ് സർവീസ് സീനിയോറിട്ടിയുടെ ക്രമം തെററിച്ചുകൊണ്ട് കുറഞ്ഞ ഔട്ട്സൈഡ് സർവീസ് ഉള്ളവർക്കു മുൻഗണന നൽകികൊണ്ടും കൂടുതൽ ഔട്ട്സൈഡ് സർവ്വീസ് ഉള്ളവരെ ഒഴിവാക്കിക്കൊണ്ടും സ്ഥലംമാററം നടത്തിയിരിക്കുന്നു. ഒരൊററ ദിവസംപോലും ഹോം കോളേജിനു പുറത്ത് പണിയെടുക്കാത്ത അദ്ധ്യാപകരെ അവരുടെ ഹോം കോളേജുകളിൽ സംരക്ഷിച്ചിരുത്തിക്കൊണ്ട് മുൻകാലങ്ങളിൽ സ്ഥലം മാററപ്പെട്ട അദ്ധ്യാപകരെ വീണ്ടും സ്ഥലംമാററിയിരിക്കുന്നു. ഇത്തരം ക്രമരഹിതമായ ഭരണ നടപടികൾക്ക് അവസാനമുണ്ടാക്കുവാനും അഴിമതിയുടെ പാതയിൽകൂടി സഞ്ചരിക്കുന്ന ട്രസ്ററ് ഭരണത്തെ ശുദ്ധീകരിക്കാൻ വേണ്ട മാനദണ്ഡങ്ങൾ രൂപപ്പെടുത്താനുമാണ് കമ്മീഷണർമാരെ നിയോഗിച്ചിരിക്കുന്നതെന്ന് ഹൈക്കോടതി വിധി വ്യക്തമായി പറയുന്നുണ്ട്. ലിഖിതവും, പരസ്യപ്പെടുത്തിയതുമായ മാനദണ്ഡങ്ങൾ കൂടാതെയുള്ള ഏതു ഭരണനടപടിയും അഴിമതിക്ക് വഴിയൊരുക്കും എന്നത് ഒരു പൊതു തത്വമാണ്. അധികാരത്തിൽ വന്ന് രണ്ടു വർഷങ്ങൾ കഴിഞ്ഞിട്ടും സ്ഥലംമാററത്തിന്റെ ലിഖിത മാനദണ്ഡങ്ങൾ രൂപപ്പെടുത്താതെ കർത്തവ്യവിലോപത്തിന്റെ ആയുസു നീട്ടിക്കൊണ്ടു പോവുകയും ആ കർത്തവ്യ വിലോപത്തിന്റെ വിടവിലൂടെ അഴിമതി പ്രവണതകളെ മടക്കിക്കൊണ്ടുവരുകയുമാണ് കമ്മീഷണർമാർ ചെയ്തിരിക്കുന്നത്. അഴിമതിയിൽനിന്നു ട്രസ്ററിനെ ശുദ്ധീകരിക്കാൻ നിയുക്തരായ കമ്മീഷണർമാർ കോടതിനിർദ്ദേശപ്രകാരമുള്ള കർത്തവ്യങ്ങൾ മാററിവച്ചിട്ട്, അഴിമതി നിറഞ്ഞ പഴയ കീഴ്വഴക്കങ്ങളിൽതന്നെ വിശ്രമിക്കാൻ ആഗ്രഹിക്കുന്നു എന്നുള്ളതിനുള്ള തെളിവാണ് സ്ഥലംമാററ മാനദണ്ഡങ്ങളുടെ ഉരുണ്ടുകളിയും തത്വരഹിതമായ സ്ഥലംമാററങ്ങളും. കോടതി ഭരണത്തെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള ഉയർന്ന സങ്കൽപങ്ങളെ അതു തകർത്തുകളയുന്നു.

അന്തർ സർവകലാശാലാ സ്ഥലംമാററ സ്ററ്യാററ്യൂട്ടുകൾപ്രകാരം ഹോം യൂണിവേഴ്സിററികളിലേക്കു സ്ഥലംമാററം ലഭിക്കേണ്ടുന്ന അധ്യാപകരുടെ നിയമപരമായ അവകാശം അനുവദിച്ചുകൊടുക്കുവാൻ കമ്മീഷണർമാർ ഇനിയും തയ്യാറാക്കിയിട്ടില്ല. നിയമങ്ങളെയും പൊതു മാനദണ്ഡങ്ങളെയും ബഹുമാനിക്കുന്ന കാര്യത്തിൽ കമ്മീഷണർമാർ പ്രദർശിപ്പിക്കുന്ന അലംഭാവം തികച്ചും പ്രതിഷേധാർഹമാണ്.

സ്ഥലം മാററങ്ങൾക്ക് സമയ-ദൂരാന്തരത്തിലധിഷ്ഠിതമായ ലിഖിത മാനദണ്ഡങ്ങൾ രൂപപ്പെടുത്തുകയും പ്രഖ്യാപിക്കുകയും ചെയ്ത് അതനുസരിച്ച് സ്ഥലംമാററങ്ങൾ നടത്തുക, സെക്ഷൻ 64 പ്രകാരമുള്ള സ്ഥലംമാററങ്ങൾ ഉടനെ അനുവദിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രക്ഷോഭ സമരം ആരംഭിക്കാൻ എ കെ പി സി ടി എ നിർബന്ധമായിരിക്കുന്നു. 1994 ജൂൺ 11-ാം തീയതി കൊല്ലത്തു നടക്കുന്ന എസ് എൻ കോളേജ് ടീച്ചേഴ്സ് കോ ഓർഡിനേഷൻ കൗൺസിൽ യോഗം സമര പരിപാടികൾക്ക് വ്യക്തമായ രൂപം നൽകുന്നതാണ്. □

# നമുക്ക് ലഭിക്കുന്നത് കാലഹരണപ്പെട്ട വിജ്ഞാനം

പ്രൊഫ. എം. എൻ. വിജയൻ

ഏത് സാംസ്കാരിക ഉപരിപ്ലവവും കൈനീട്ടിവാങ്ങാൻ സന്നദ്ധതയുള്ളവരാണ് ഇന്ന് രാജ്യം ഭരിക്കുന്നതെന്നും അതൊക്കെക്കൊണ്ടുതന്നെ കാലഹരണപ്പെട്ട വിജ്ഞാനമാണ് നമുക്ക് ലഭിക്കുന്നതെന്നും പ്രൊഫ. എം. എൻ വിജയൻ ആക്ഷേപിച്ചു.

ദേശീയതയാണ് എല്ലാ തുറന്ന വിപണികളുടെയും തടസമെന്നതുകൊണ്ട് ദേശീയതയെ നിർമാർജനം ചെയ്യുകയാണ്, ബൂർഷ്വാസിയുടെ ഇപ്പോഴത്തെ താൽപര്യം. ശീതയുദ്ധം അവസാനിച്ചത് ലോകം ഒററ വിപണിയാക്കുന്നതിന് സഹായകമായിട്ടുണ്ട്. എന്നാൽ വൻ രാജ്യങ്ങൾ മൂന്നാംകിട രാജ്യങ്ങളെ കുപ്പത്തൊട്ടികളാക്കുകയാണ്. നമുക്കു ലഭിക്കുന്ന വിജ്ഞാനംപോലും കാലഹരണപ്പെട്ടതാണ്. ഇന്ന് ഏററവും നഷ്ടത്തിലോടുന്ന സ്ഥാപനം സർക്കാരാണ്. സ്വയം നിർമിക്കുന്ന മനുഷ്യനാണ് ഉണ്ടാവേണ്ടത്.

മത്സരത്തിൽ ഒരു യാഗക്കുതിരയെയും അഴിച്ചുവിടാതെ മുറികളിൽ കുതിരക്കച്ചവടം നടത്തി ന്യൂനപക്ഷ സർക്കാർ ഭൂരിപക്ഷ സർക്കാരാവുന്നു. ഇന്ത്യൻ രാഷ്ട്രീയത്തിൽ രാഷ്ട്രീയം ഇല്ലാതാവുകയും സാമ്പത്തികതന്ത്രം സർവപ്രധാനമായിതീരുകയും ചെയ്യുന്നു. അഞ്ചാറുകൊല്ലത്തിനകം അമേരിക്കൻ സാമ്രാജ്യത്വം ഇന്ത്യൻ ഹിന്ദുത്വനാണയങ്ങളേയും വിലകെടുത്തും.

*(സംസ്ഥാനസമ്മേളനത്തോടനുബന്ധിച്ചുനടന്നസെമിനാറിലെ പ്രഭാഷണത്തിൽനിന്ന്)*

# സംഘടനകൾ ഭാരവാഹികൾ

## എൻ. ജി. ഒ. യൂണിയൻ

കേരള എൻ ജി ഒ യൂണിയൻ സംസ്ഥാനപ്രസിഡൻറായി കെ. രവീന്ദ്രനെയും ജനറൽ സെക്രട്ടറിയായി കെ. കൃഷ്ണനെയും തെരഞ്ഞെടുത്തു-

കെ. വരദരാജൻ, കെ. ആർ. ഭാനുമതി (വൈസ് പ്രസിഡൻറുമാർ), വി. ജി. രവീന്ദ്രൻനായർ, കെ മുഹമ്മദ്കുട്ടി (സെക്രട്ടറിമാർ), ഡി രത്നാകരൻ ട്രഷറർ), എന്നിവരാണ് മററു ഭാരവാഹികൾ. സെക്രട്ടറിയററ് അംഗങ്ങളായി കെ എ റഹ്മാൻ ടി പി കാസിം ജി ശശിധരൻ, എ രാമചന്ദ്രൻ, ആർ ഏ ഉണ്ണിത്താൻ, കെ നാരായണൻ, കെ വേലായുധൻ നായർ, വി എം പവിത്രൻ എന്നിവരെ തെരഞ്ഞെടുത്തു.

## എൻ. എഫ്. പി. ടി. ഇ.

എൻ എഫ് പി ടി ഇ സംസ്ഥാന ഏകോപന സമിതി ചെയർമാനായി സുശീലാഗോപാലൻ എം പിയെയും കൺവീനറായി കെ. രാമനെയും തെരഞ്ഞെടുത്തു.

വൈസ് ചെയർമാനായി സി ചന്ദ്രൻപിള്ളയെയും ട്രഷററായി എ പി കുര്യാക്കോസിനേയും മഹിളാക്കമ്മിററി കൺവീനറായി എൻ കൃഷ്ണകുമാരിഅമ്മയേയും തെരഞ്ഞെടുത്തു

## ബെഫി

സ്റേററ് ബാങ്ക് ഓഫ് ട്രാവൻകൂർ സ്ററാഫ് യൂണിയൻ (ബെഫി) പ്രസിഡൻറായി കെ ജി ജെയിംസിനേയും ജനറൽ സെക്രട്ടറിയായി പി. വി. ജോസിനെയും തെരഞ്ഞെടുത്തു.

പി ജയകുമാർ, പി ജി അജിത് (വൈസ് പ്രസിഡൻറുമാർ,) ടി ജെ സതീശ്കുമാർ, ടി നന്ദകുമാർ, വി വി സുബ്രഹ്മണ്യൻ (അസി. സെക്രട്ടറിമാർ), കെ. പി. ശിവകുമാർ (ട്രഷറർ) കെ ബാലചന്ദ്രൻ (അസി: ട്രഷറർ) എന്നിവരാണ് മററ് ഭാരവാഹികൾ.

## കെ. ജി. ഒ. എ.

പ്രസിഡൻറ്: വി. വി. സുധാകരൻ വൈസ് പ്രസിഡൻറുമാർ: എ.മീരാസാഹിബ്, ഡോ. കെ രാജഗോപാൽ, ജനറൽ സെക്രട്ടറി: ഡോ എൻ എം മുഹമ്മദലി

സെക്രട്ടറിമാർ: ആർ വിജയൻ, എം കെ വാസു, ഇ. എം. ജലീൽ, ട്രഷറർ ആർ. കെ. രഘുനാഥൻ.

# നീതിപൂർവം സ്ഥലംമാററങ്ങൾ നടത്തുക

## എൻ. എസ്. എസ്. കോളേജ് ടീച്ചേഴ്സ് കോ–ഓർഡിനേഷൻ കൗൺസിൽ

ദീർഘകാലമായി വിദൂരസ്ഥലങ്ങളിൽ ജോലിചെയ്തുവരുന്ന അദ്ധ്യാപകർക്ക് സൗകര്യപ്രദമായി സ്ഥലംമാററം നൽകാൻ എൻ. എസ് എസ് മാനേജ്മെൻറ് തയ്യാറാകണമെന്ന് ചങ്ങനാശ്ശേരിയിൽ ജൂൺ 8ന് ചേർന്ന എൻ എസ് എസ് കോളേജ് ടീച്ചേഴ്സ് കോ-ഓർഡിനേഷൻ കൗൺസിൽ ആവശ്യപ്പെട്ടു. ചർച്ചയിലൂടെ പ്രശ്നത്തിന് പരിഹാരം കാണാൻ മാനേജ്മെൻറ് തയ്യാറാകുന്നില്ലെങ്കിൽ സമരപരിപാടികൾ ആരംഭിക്കാൻ യോഗം തീരുമാനിച്ചു. എൻ എസ് എസ് കോളേജുകളിൽ ഉപവസിച്ചുകൊണ്ട് സമരത്തിന് തുടക്കംകുറിക്കാനുള്ള നിർദ്ദേശമാണ് പ്രവർത്തകസമിതി മുൻപാകെ വച്ചിട്ടുള്ളത്, രക്ഷാകർത്താക്കളുടെയും വിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും സഹായത്തോടെ സമരം ശക്തിപ്പെടുത്തും. അഡ്മിഷനിൽ ഇന്ന് നടക്കുന്ന അഴിമതികൾ അവസാനിപ്പിക്കണമെന്നും മാനേജ്മെൻറ് ക്വാട്ടാ ഉൾപ്പെടെ മെരിററടിസ്ഥാനത്തിൽ നടത്തണമെന്നും യോഗം ആവശ്യപ്പെട്ടു.

സ്ഥലംമാററം കാരണം വിവിധ കോളേജുകളിലായി പത്ത് അദ്ധ്യാപകരുടെ ശമ്പളം തടയപ്പെട്ടതായി വിവരം ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സംഘടനാതലത്തിൽ നടത്തിയ ശ്രമങ്ങൾ ജനറൽ സെക്രട്ടറി വിശദീകരിച്ചു സർക്കാർ ഉത്തരവിനെതിരെ കോടതിയിൽ പോകുന്നതോടൊപ്പം ഡി സി ഇ ഓഫീസിനു മുൻപിൽ സമരപരിപാടികൾ നടത്തണം. കേസ് സംബന്ധമായ കാര്യങ്ങൾക്കായി ചങ്ങനാശ്ശേരി മലയാളം വിഭാഗത്തിലെ ശ്രീ. കെ. എൻ. വിശ്വനാഥൻ നായരെ ചുമതലപ്പെടുത്തുകയും സമരപരിപാടികൾ എത്രയും പെട്ടെന്ന് സംഘടിപ്പിക്കാൻ പ്രവർത്തകസമിതിയോട് അഭ്യർത്ഥിക്കുകയും ചെയ്തു.

എം ഫിൽ കോഴ്സിന് പോയവരിൽ ശമ്പളം തടയപ്പെട്ടവരുടെ ശമ്പളം നൽകാനുള്ള തീരുമാനം ഉടനടി ഉണ്ടാകാൻ സാധ്യതയുള്ളതായി ജനറൽ സെക്രട്ടറി അറിയിച്ചു.

മെമ്പർഷിപ്പ് പ്രവർത്തനവും കെട്ടിട ഫണ്ടിന്റെ ബാക്കിയുള്ള പിരിവും ഊർജ്ജിതപ്പെടുത്താൻ തീരുമാനിച്ചു. എല്ലാ അംഗങ്ങളെയും ജേർണലിന്റെ വരിക്കാരാക്കാനുള്ള ശ്രമം നടത്തേണ്ടതാണ്

കഴിഞ്ഞകാല വരവുചെലവു കണക്കുകൾ യോഗം അംഗീകരിച്ചു.

എ കെ പി സി ടി എ-കോ-ഓർഡിനേഷൻ ഭാരവാഹികൾ ഉപവാസ സത്യഗ്രഹത്തിന് മുൻപായി കോളേജുകൾ സന്ദർശിക്കാൻ തീരുമാനിച്ചു.

പ്രൊഫ. ആർ. രവീന്ദ്രൻ നായരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്രട്ടറി പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ റിപ്പോർട്ട് അവതരിപ്പിച്ചു. പ്രൊഫ. കെ. സദാശിവൻ നായർ, പ്രൊഫ. കെ. പി. ദിവാകരൻ നായർ, പ്രൊഫ. ടി. കെ. ജി. നായർ, പ്രൊഫ എം. ജി. ഗോപാലകൃഷ്ണൻ നായർ, സർവ്വശ്രീ കുട്ടപ്പൻ നായർ, മോഹനകൃഷ്ണൻ, പത്മകുമാർ, മുരളീധരൻ, ശ്രീകുമാർ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. □

# ജീവിതവ്യർഥതയെക്കുറിച്ച് എഴുതിയതിൽ വ്യഥ: മുകുന്ദൻ

മലയാളത്തിലെ ഭാവിസാഹിത്യം സോഷ്യലിസ്റ്റ് റിയലിസത്തിന്റെ രൂപഭാവങ്ങളായാൽ അത്ഭുതപ്പെടേണ്ടതില്ലെന്ന് പ്രശസ്ത നോവലിസ്റ്റ് എം. മുകുന്ദൻ പറഞ്ഞു. തകഴിയുടെയും കേശവദേവിന്റെയും രചനാരീതി പുതിയ തലമുറ സ്വീകരിച്ചേക്കാം. 'തോട്ടിയുടെ മകനെ'പ്പോലുള്ള നോവലുകൾ അടുത്ത ഭാവിയിൽ വീണ്ടും രചിക്കപ്പെട്ടേക്കാം—മുകുന്ദൻ പറഞ്ഞു.

ഉത്തരകേരള കവിതാ സാഹിത്യവേദിയുടെ പത്താംവാർഷികാഘോഷത്തോടനുബന്ധിച്ച് നടന്ന ആശംസാസമ്മേളനം ഉദ്ഘാടനംചെയ്തു സംസാരിക്കുകയായിരുന്നു മുകുന്ദൻ.

